നമ്പർ: 11/2021

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, പള്ളികൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

ഇപ്പോൾ കേരളത്തിൽ, പ്രത്യേകിച്ച് കോട്ടയം, ഇടുക്കി ജില്ലകളുടെ വിവിധ ഭാഗങ്ങളിൽ അപ്രതീക്ഷിതമായി ഉണ്ടായ കാലവർഷവും മിന്നൽ പ്രളയവും പ്രകൃതി ദുരന്തങ്ങളും മൂലം ഏറെ ആളുകൾ മരണപ്പെടുകയും, അനേകർ ഭവനങ്ങൾ നഷ്ടപ്പെട്ടും, ഭക്ഷണവും താമസ സൗകര്യവും ഇല്ലാതെ ഒറ്റപ്പെട്ട് കഴിയുകയും ചെയ്യുന്ന സാഹചര്യം ഏവർക്കും അറിവുള്ളതാണല്ലോ. നമ്മുടെ സഭാ വിശ്വാസികൾ അടക്കമുള്ളവരുടെ ഭവനങ്ങളും ഇതര വരുമാന മാർഗങ്ങളും നഷ്ടപ്പെടുകയും അനേകർക്ക് നാശനഷ്ടം ഉണ്ടാവുകയും ചെയ്തിരിക്കുന്ന അവസ്ഥയെ നാം ഗൗരവപൂർവ്വം കാണേണ്ടിയിരിക്കുന്നു. കേരളത്തിലെ നമ്മുടെ വിവിധ ഇടവകകളുടെയും, സഭാ വിശ്വാസികളുടെ നേതൃത്വത്തിലുള്ള സംഘടനകളുടെയും, സഭയുടെ യുവജനപ്രസ്ഥാനത്തിന്റെയും ചുമതലയിൽ ആഹാരം, വസ്ത്രം, മരുന്ന് തുടങ്ങിയ അവശ്യ സാധനങ്ങൾ ശേഖരിച്ച് സിവിൽ അധികൃതരുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ദുരിതാശ്വാസ കേന്ദ്രങ്ങളിൽ വിതരണം ചെയ്യുന്നതിന് പരമാവധി പരിശ്രമിക്കണം. ഭവനങ്ങൾ നഷ്ടപ്പെട്ടവരെയും ദുരിതമനുഭവിക്കുന്നവരെയും അടിയന്തിരമായി പുനരധിവസിപ്പിക്കുവാൻ സഭയുടെ പാരീഷ് ഹാളുകളും അനുബന്ധ കെട്ടിടങ്ങളും വിട്ടുനൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. 2021 ഒക്ടോബർ 24 -ാം തീയതി ഞായറാഴ്ച വി. കുർബ്ബാന മദ്ധ്യേ, ദുരിതമനുഭവിക്കുന്നവർക്കായി നമ്മുടെ എല്ലാ ഇടവകകളിലും പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്യേണ്ടതാണ്.

പ്രളയ ദുരന്തത്തിന്റെ ഭീകരത വളരെ വലുതായതിനാൽ ദുരിതമനുഭവിക്കുന്നവർക്ക് പരമാവധി സഹായം എത്തിക്കുന്നതിന് സഭാമക്കളായ നിങ്ങളേവരുടെയും ആത്മാർത്ഥമായ പങ്കാളിത്തം ഉണ്ടാകണമെന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..................

**ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2021 ഒക്ടോബർ മാസം 18-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.